# പ്രബോധനവും പ്രബോധകരും

**അന്ത്യപ്രവാചകൻ** മുഹമ്മദ് മുസ്ത്വഫാ(സ) ഈ ലോകത്തോട് വിട പറഞ്ഞത്, തന്റെ നിയോഗദൗത്യം മുസ്‌ലിം ഉമ്മത്തിനെ ഏൽപിച്ചുകൊണ്ടാണ്. ധർമം പ്രചരിപ്പിക്കുക, അധർമം വിലക്കുക, സത്യത്തിന്റെയും ധർമത്തിന്റെയും സാക്ഷികളായി ഭൂമിയിൽ വാഴുക, സമസൃഷ്ടികളെ ദൈവിക സന്മാർഗത്തിലേക്കു ക്ഷണിക്കുക ഇതായിരുന്നു പ്രവാചകന്റെ ദൗത്യം. ഇതിനെയാണ് നാം ഇസ്‌ലാമിക പ്രബോധനം എന്നു വിളിക്കുന്നത്. ഈ ദൗത്യം മുസ്‌ലിം സമുദായത്തിൽ ചുമത്തിക്കൊണ്ട് ഖുർആൻ പ്രസ്താവിച്ചു: “ജനത്തെ നന്മയിലേക്കു ക്ഷണിക്കുകയും ധർമം കൽപിക്കുകയും അധർമം വിലക്കുകയും ചെയ്യുന്ന ഒരു സമൂഹം നിങ്ങളിൽനിന്നുണ്ടായിത്തീരട്ടെ” (3:104). “മനുഷ്യവർഗത്തിന് ധർമം കൽപിക്കാനും അധർമം വിലക്കാനും അല്ലാഹുവിൽ വിശ്വസിക്കാനും എഴുന്നേൽപിക്കപ്പെട്ട ഉത്തമ സമുദായമാണ് നിങ്ങൾ” (3:110). “ഇപ്രകാരം നിങ്ങൾ ജനങ്ങൾക്ക് സത്യസാക്ഷികളായിരിക്കാനും പ്രവാചകൻ നിങ്ങൾക്ക് സത്യസാക്ഷിയായിരിക്കാനും വേണ്ടി നാം നിങ്ങളെ ഒരു മധ്യമസമുദായമാക്കിയിരിക്കുന്നു” (2:143). “യുക്തിദീക്ഷയോടെയും സദ്‌വചനങ്ങളോടെയും നിന്റെ നാഥന്റെ മാർഗത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുക” (16:125).

പ്രബോധനം കൽപിക്കുന്നതോടൊപ്പം അതിന്റെ മൂന്നു മുഖങ്ങളെ സൂചിപ്പിക്കുന്നുമുണ്ട് ഈ ഖുർആൻ വാക്യങ്ങൾ. മനുഷ്യരിൽ ധർമം പ്രചരിപ്പിക്കലും അധർമം തടയലും (അംറും ബിൽ മഅ്റൂഫി വനഹ്‌യുൻ അനിൽ മുൻകർ) ആണ് ഒന്നാമത്തെ മുഖം. പ്രചരിപ്പിക്കപ്പെടുന്ന സത്യങ്ങളെയും ധർമങ്ങളെയും സ്വജീവിതം കൊണ്ട് സാക്ഷ്യപ്പെടുത്തുക(ശഹാദത്തുൽ ഹഖ്)യാണ് രണ്ടാമത്തേത്. മൂന്നാമത്തേത് സമസൃഷ്ടികളെ ദൈവിക സരണിയിലേക്ക് ക്ഷണിക്കുക (ദഅ്‌വ). അടിസ്ഥാന പ്രാധാന്യമുള്ളതും പരസ്പര പൂരകവുമാണ് ഈ മൂന്ന് മുഖങ്ങളും. ഏതെങ്കിലും ഒന്നിന്റെ അഭാവത്തിൽ മറ്റുരണ്ടെണ്ണം അപൂർണവും ചിലപ്പോൾ നിഷ്ഫലവുമായിത്തീരുന്നു. ഈ മൂന്നു തലങ്ങളെയും സന്തുലിതമായി കൂട്ടിയിണക്കി പ്രബോധനം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് മുസ്‌ലിം സമൂഹം ജനങ്ങൾക്കുവേണ്ടി നിയോഗിക്കപ്പെട്ട വിശിഷ്ടമായ മിഷനറി സമൂഹമായിത്തീരുന്നത്. പ്രവാചകന്റെയും അദ്ദേഹത്തിനു ശേഷം സച്ചരിതരായ ഖലീഫമാരുടെയും കാലത്ത് മുസ്‌ലിം സമൂഹം വർത്തിച്ചത് ത്രിമുഖമായ ഈ ഇസ്‌ലാമിക പ്രബോധനം ഏറ്റെടുത്തുകൊണ്ടായിരുന്നു. ജനങ്ങളെ ദീനുൽ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്നതോടൊപ്പം തന്നെ ആ ക്ഷണം സ്വീകരിച്ചവരെ സത്യസാക്ഷ്യം വഹിക്കുന്നവരുടെ ഒരു സ്റ്റേറ്റ് ആയി രൂപപ്പെടുത്തുന്നതിലും ആ സ്റ്റേറ്റിനെ തകർക്കാൻ വരുന്നവരുമായി യുദ്ധം ചെയ്യുന്നതിലും സന്ധിയുണ്ടാക്കുന്നതിലുമൊക്കെ ഏർപ്പെട്ടിരുന്നതായി പ്രവാചകനെ നാം കാണുന്നത് അതുകൊണ്ടാണ്. പ്രബോധനത്തെ മറയാക്കി തനിക്കു താൽപര്യമുള്ള മറ്റു ഓരോ പ്രവർത്തനങ്ങളിലേർപ്പെട്ട് ആത്മവഞ്ചന നടത്തുകയായിരുന്നില്ല പ്രവാചകൻ. പ്രത്യുത, ഇസ്‌ലാമിക പ്രബോധനം അതിന്റെ പൂർണരൂപത്തിൽ ഏറ്റം ഫലപ്രദമായി നിർവഹിക്കുകയായിരുന്നു. ഹുദൈബിയാ സന്ധിയിൽ ‘ദൈവദൂതൻ’ എന്ന തന്റെ പദവിയെപ്പോലും സ്വന്തം കൈകൊണ്ട് മായ്ച്ചുകളഞ്ഞതും, ഖുറൈശി മർദകരുടെ തടവറയിൽനിന്ന് കാലിൽ ചങ്ങലയുമായി അഭയം തേടിയെത്തിയ വിശ്വാസിയെ സ്വീകരിക്കാതെ സത്യനിഷേധികളിലേക്കു തിരിച്ചയച്ചതും പ്രബോധനം തന്നെയായിരുന്നു. ആദരണീയരായ പ്രവാചക ശിഷ്യന്മാരിൽ തന്നെ പലർക്കും അന്നത് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. പിന്നീട് കാലം അവർക്ക് അത് തെളിയിച്ചു കൊടുക്കുകയായിരുന്നു.

നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ മുസ്‌ലിം സമൂഹത്തിൽ അതിന്റെ ദൗത്യസ്വഭാവം വിസ്മൃതമായി. നവോത്ഥാന പ്രസ്ഥാനങ്ങൾ അവരെ ആ പാഠം ഓർമിപ്പിക്കുകയും പ്രയോഗവൽക്കരിക്കാൻ പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ സ്ഥാപകനായ സയ്യിദ് അബുൽ അഅ്‌ലാ മൗദൂദി, തന്റെ പ്രസ്ഥാനത്തിന്റെ ലക്ഷ്യം മുസ്‌ലിം സമൂഹത്തെ ശരിയായ അർഥത്തിലുള്ള പ്രബോധക സമൂഹമാക്കി പരിവർത്തിപ്പിക്കുകയാണെന്ന് വ്യക്തമായി പ്രസ്താവിച്ചിട്ടുള്ളതാണ്. ജമാഅത്തിന്റെ ഇതഃപര്യന്തമുള്ള പോളിസി പ്രോഗ്രാമുകളിൽ പ്രബോധനത്തിന്റെ നടേപറഞ്ഞ മൂന്നു മുഖങ്ങൾക്കും അർഹമായ സ്ഥാനം നൽകിയിട്ടുള്ളതായി കാണാം. പ്രസ്ഥാനത്തിന്റെ കഴിവിനൊത്ത സേവനങ്ങൾ മൂന്നു തലങ്ങളിലും നിർവഹിച്ചിട്ടുമുണ്ട്. ആളുകളെ മതപരിവർത്തനം ചെയ്യൽ മാത്രമാണ് പ്രബോധനം എന്ന് ജമാഅത്ത് കരുതുന്നില്ല. ആളുകളുടെ മാനസാന്തരം പ്രബോധനത്തിന്റെ ഒരു ഫലമാണ്. ആ ഫലം ജമാഅത്തിന്റെ പ്രവർത്തനവും ഉളവാക്കിക്കൊണ്ടിരിക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഈ ലോകത്ത് ആരുടെയെങ്കിലും മുമ്പിൽ അതിന്റെ കണക്കു ബോധിപ്പിച്ച് സർട്ടിഫിക്കറ്റ് നേടേണ്ട കാര്യം ജമാഅത്തിനില്ല. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ മതപരിവർത്തനം പാടിപ്പരത്തപ്പെടേണ്ട ഒരു വിഷയമല്ലെന്നാണതിന്റെ നിലപാട്. തങ്ങൾക്കു മുമ്പിൽ കണക്കു ബോധിപ്പിക്കാത്തതിനാൽ ജമാഅത്തിന്റെ പ്രബോധനം വട്ടപ്പൂജ്യമാണെന്ന് വിധിയെഴുതുന്നവരോട് അതിൽ പരാതിയുമില്ല.

ഇസ്‌ലാമിക പ്രബോധനം അതിന്റെ പൂർണമായ അർഥത്തിൽ ഏറ്റെടുക്കുന്നവർക്ക് സാമൂഹികനീതിക്കും ധർമത്തിനും വേണ്ടി ശബ്ദമുയർത്തേണ്ടിവരും. അധർമത്തിനും അക്രമത്തിനുമെതിരിൽ പോരാടേണ്ടിവരും. സാംസ്കാരിക കാര്യങ്ങളിൽ അഭിപ്രായം പറയേണ്ടിവരും. രാഷ്ട്രീയം കൈയാളേണ്ടിവരും. പരിസ്ഥിതി പ്രശ്നങ്ങളിൽ ഇടപെടേണ്ടിവരും. നടവഴിയിൽനിന്ന് ശല്യമൊഴിവാക്കുന്നതുപോലും അവർക്ക് സത്യസാക്ഷ്യത്തിന്റെ ഭാഗമാണ്. അതൊക്കെയും പ്രബോധന ബാഹ്യവും ഇസ്‌ലാമിക പ്രവർത്തകനന്യവുമായ നടപടികളായി കാണുന്നവരുണ്ടാവാം. അവർക്ക് സ്വന്തം വീക്ഷണമനുസരിച്ചു മുന്നോട്ടുപോകാവുന്നതാണ്. വ്യക്തിഗതമായ പ്രബോധനവൃത്തിയിലൂടെ ചിലർക്ക് നൂറുകണക്കിലാളുകളെ മാനസാന്തരപ്പെടുത്താൻ കഴിഞ്ഞതായി പറയപ്പെടുന്നു. അതു ശരിയാണെങ്കിൽ- അൽഹംദുലില്ലാഹ്- അവർക്ക് ഇനിയും ആ മാർഗത്തിൽ ബഹുദൂരം മുന്നേറാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

ഓരോ പ്രബോധകനും താൻ സ്വീകരിച്ച രീതിയാണ് ഏറ്റം ശരിയായിട്ടുള്ളതെന്ന് കരുതുക സ്വാഭാവികമാണ്. യഥാർഥത്തിൽ അതു ശരിയായിക്കൊള്ളണമെന്നില്ല. ഈ രംഗത്ത് ആത്മവഞ്ചനയിലകപ്പെടാതിരിക്കാൻ എല്ലാവരും ഓർത്തിരിക്കേണ്ട ഒരു തത്ത്വമുണ്ട്. അവനവന്റെ പ്രവർത്തനത്തെ സ്വയം വിചാരണ ചെയ്തുകൊണ്ടിരിക്കേണ്ടവനാണ് പ്രബോധകൻ. മറ്റുള്ളവരുടെ പ്രവർത്തനത്തെയല്ല അയാൾ വിചാരണ ചെയ്യേണ്ടത്. പ്രബോധകർ മറ്റുള്ളവരുടെ മേൽ വിധികർത്താക്കളുമല്ല. വിധികർത്താവ് അല്ലാഹു ആകുന്നു. താനൊരുവൻ നിഷ്കളങ്കനും സത്യസന്ധനുമായ പ്രബോധകൻ, മറ്റുള്ളവർ കപടരും ആത്മവഞ്ചകരും എന്ന് സ്വയം വിധിപറയുന്നവർ അറിഞ്ഞോ അറിയാതെയോ പ്രബോധകന്റെ പദവിയിൽ നിന്ന് അല്ലാഹുവിന്റെ പദവിയിലേക്ക് കടന്നുകയറുകയല്ലേ എന്ന് ആലോചിക്കുന്നത് നന്നായിരിക്കും. ■